# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

# തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## വാർഡ് 7- മേഞ്ഞാണ്യം

## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

## പേരാമ്പ്ര ബ്ലോക്ക്

## കോഴിക്കോട് ജില്ല


റിപ്പോർട്ട് തയ്യാറാക്കിയത്

ജിനിൽ, ശരത്, ശില്പ, പഞ്ചമി, ശ്രീജിത്ത്, ആരതി

വില്ലേജ് റിസോഴ്സ് പേഴ്സൺ, പേരാമ്പ്ര ബ്ലോക്ക്

# ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതിഗ്രാമീണജനതയുടെ ഉന്നമനത്തിനും സാമൂഹ്യ ആസ്തിയുടെനിർമ്മാണത്തിനും സഹായകമായിട്ടുള്ളഒരുകേന്ദ്രാവിഷ്കൃതപദ്ധതിയാണ്. 2005 സെപ്റ്റംബർ 5 ന് നിലവിൽവന്ന തൊഴിലുറപ്പ്നിയമ ത്തിന്റെ അടിസ്ഥാനപെടുത്തിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.സമൂഹത്തി ൽ പിന്നോക്കംനിൽക്കുന്നവരുടെയും ദാരിദ്രം അനുഭവിക്കുന്നവരുടെയും കൈപിടിച്ചുയർത്തുവാനുംഅതുവഴി ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ മുഖച്ഛായ മാറ്റാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഗ്രാമീണമേഖലയിലെ ഓരോ കുടുംബത്തിനും മറ്റു തൊഴിലുകൾ നഷ്ടമാകാതെ അധികമായി 100 ദിവസത്തെ അവിദഗ്ധകായിക തൊഴിൽ ഉറപ്പാക്കുക എന്നതിലൂടെ ജനങ്ങളുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുക എന്നതാണ് ഇതിൻെറ അടിസ്ഥാന ലക്ഷ്യംതൊഴിലുറപ്പ് പദ്ധതിഅവകാശ അധിഷ്ഠിതവുംആവിശ്യാധിഷ്ഠിതവുംപദ്ധതിയാണ്.തൊഴിലുറപ്പ്പദ്ധതിയുടെമറ്റ്പ്രധാനലക്ഷ്യങ്ങൾപ്രകൃതിവിഭവപരിപാലനത്തിൽ ഓരോ പ്രദേശത്തെയും വിഭവ അടിത്തറ ശക്തമാക്കുക,വരൾച്ച,മണ്ണൊലിപ്പ്,വെള്ളപ്പൊക്കം,വനനശീകരണം, i കാലാവസ്ഥാവ്യതിയാനം തുടങ്ങിയപാരിസ്ഥിതികപ്രശ്ന ങ്ങൾ പരിഹാരംകാണുക.ഉൽപ്പാദന പരമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ ദാരിദ്ര്യ ലഘൂകരണം സുസ്ഥിരം ആക്കുക, തൊഴിലുറപ്പ് പദ്ധതിയിലൂടെ മുഖ്യധാരയിലെസ്ത്രീകളെസംഘമായികൊണ്ടുവരുന്നതിനുഅവരുടെ സാമ്പത്തികവും സാമൂഹികവുമായ ശാസ്ത്രീകരണം ഉറപ്പാക്കുക എന്നിവയാണ്.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി രണ്ടാം തീയതി ഈ നിയമം നിലവിൽ വരികയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു കേരളത്തിൽ വയനാട്, പാലക്കാട് ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15ന് 130 ജില്ലകളിൽ കൂടി ഇത് വ്യാപിച്ചു.ഇടുക്കി, കാസർകോട് ജില്ലകളിൽ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിച്ചു. ഇന്ത്യയിലെ മുഴുവൻ ജില്ലകളിൽ ഈ പദ്ധതി നിലവിൽ ഉണ്ട്.ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരുഅവകാശ അധിഷ്ഠിതം തൊഴിൽ നിയമം എന്ന നിലയിലും

ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണത്തെ നിർണായക വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

**സവിശേഷതകൾ** :-

*ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.

* സ്ത്രീക്കും പുരുഷനും തുല്യ വേതനം.

*പരിസ്ഥിതിസംരക്ഷണം,കാർഷി കമേഖലയിലെഅടിസ്ഥാനവികസനം എന്നിവയ്ക്ക് മുൻഗണന.

*തൊഴിലാളികൾ തന്നെ തൊഴിൽ കണ്ടെത്തുക, ആസൂത്രണ പ്രക്രിയകളിൽ പങ്കാളിയാവാൻ അവസരം.

*കരാറുകാരോ ഇടനിലക്കാരോ ഇല്ല.

*പൊതുജന പങ്കാളിത്തത്തോടെ ലേബർബജറ്റ്.

*ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ് വഴി മാത്രം വേതന വിതരണം.

*സ്ത്രീകൾക്ക് മുൻഗണന. *കമ്പ്യൂട്ടർ ശൃംഖലയിൽ ഉള്ള മോണിറ്ററിംഗ് സംവിധാനം. *ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു (സോഷ്യൽ ഓഡിറ്റ് സംവിധാനം)

* പരാതി പരിഹാര സംവിധാനം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തിയും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണമെന്ന് നിയമത്തിലെ പതിനേഴാം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയുംപൊതുധനം ചെലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.തൊഴിലുറപ്പ് നിയമം പ്രകാരം വർഷത്തിൽ രണ്ട് തവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എല്ലാ വാർഡിലും നടത്തേണ്ടതാണ്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അഥവാ സാമൂഹികകണക്കെടുപ്പ് എന്നതിലൂടെ ഉദ്ദേശിക്കുന്നത് പ്രവർത്തി സ്ഥലങ്ങൾ അഥവാ വർക്ക്സൈറ്റ്നേരിട്ട്സന്ദർശിച്ചും, തൊഴിലാളികളോട് നിർവഹണ ഉദ്യോഗസ്ഥരോടും, അഭിമുഖ നടത്തിയതിലൂടെയും, ലഭ്യമായ രേഖകളുടെവിശദപരിശോധനയിലൂടെയും ലഭിക്കുന്ന വിവരങ്ങൾ

ക്രോഡീകരിച്ച്ഗ്രാമസഭകളിലുംപൊതുസമൂഹത്തെഅറിയിക്കുക എന്നതാണ്.ഇപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെയുംഗ്രാമസഭകളിൽഉയരുന്നതൊഴിലുറപ്പ്തൊഴിലാളികളുടെ അഭിപ്രായങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടത്തിപ്പിനെ സുതാര്യതയും ഉത്തരവാദിത്വവും ഊട്ടിയുറപ്പിക്കുക എന്നതാണ് സോഷ്യൽഓഡിറ്റ്ലക്ഷ്യമിടുന്നത്. വസ്തുതാപരമായ കണ്ടെത്തലുകളിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായ ഗ്രാമീണജനതയുടെ ഉന്നമനത്തിനും പദ്ധതിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനും സോഷ്യൽഓഡിറ്റിലൂടെസാധിക്കുന്നു.

# പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെടുന്ന പേരാമ്പ്ര ഗ്രാമപഞ്ചായത്ത് നല്ല രീതിയിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. പദ്ധതി നടത്തിപ്പിനായ്ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്പമെന്റ് ഓഫിസർ, JBDO, അക്രഡിറ്റഡ് എഞ്ചിനീയർ, അക്കൗണ്ടന്റ് &ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും പഞ്ചായത്ത് തലത്തിൽ സെക്രട്ടറി, അസി. സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ അക്കൗണ്ടന്റ് &ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും അവരുടെ സേവനം ഇ പദ്ധതിക് വേണ്ടി നൽകുന്നു.




| | |
|---|---|
| പഞ്ചായത്തിന്‍റെ പേര് | പേരാമ്പ്ര ഗ്രാമപഞ്ചായത്ത് |
| വിസ്തീര്‍ണ്ണം | 21.61sk |
| ജില്ലാ പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | പേരാമ്പ്ര |
| താലൂക്ക് | കൊയിലാണ്ടി |
| ഉള്‍പ്പെടുന്ന വാര്‍ഡുകള്‍ | 19 |

| | |
|---|---|
| തൊഴിൽ കാർഡ് ഉടമകൾ | 15566 |
| സജീവ തൊഴിലാളികൾ | 7080 |

## തൊഴിലാളികളുടെ 10 അവകാശങ്ങൾ

തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു. അവ ഏതൊക്കെയാണെന്ന് ചുവടെ ചേർക്കുന്നു.

### 1) തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം( ഷെഡ്യൂൾഡ് 2, ഖണ്ഡിക 1-5 AMC അധ്യായം-3)

ഗ്രാമ പഞ്ചായത്ത് സ്ഥിരതാമസം ഉള്ള അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യുവാൻ തയ്യാർ ആയിട്ടുള്ള വ്യക്തികൾ ഗ്രാമ പഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യുക. ഒരു കുടുംബത്തിൽ തൊഴിൽ ആവശ്യമുള്ളവരുടെ മുഴുവൻ പേര് വിവരങ്ങൾ ഉൾപ്പെടുത്തി ആയിരിക്കണം അപേക്ഷിക്കേണ്ടത്. അപേക്ഷയിൽ പൂർണമായ മേൽവിലാസം, വയസ്സ്, വാർഡ് നമ്പർ, റേഷൻ കാർഡ് നമ്പർ, ആധാർ നമ്പർ എന്നിവ ചേർത്തിരിക്കണം. അപേക്ഷകർക്ക് പ്രാഥമിക അന്വേഷണത്തിന് ശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൊഴിൽ കാർഡ് അനുവദിച്ച് നൽകും. അപേക്ഷ നൽകിയാൽ 15 ദിവസത്തിനകം തൊഴിൽകാർഡ് അനുവദിക്കണം. ഒരു കുടുംബത്തിന് ഒരു തൊഴിൽകാർഡ് മാത്രമേ ലഭിക്കൂ. തൊഴിൽ ആവശ്യമുള്ള മുഴുവൻ കുടുംബാംഗങ്ങളുടെയും ഫോട്ടോയും, വിവരങ്ങളും തൊഴിൽ കാർഡിൽ ഉണ്ടായിരിക്കണം. ഒന്നിലധികം തൊഴിൽ കാർഡുകൾ ഒരാളുടെ പേരിൽ ഉണ്ടായിരിക്കുന്നത് ക്രിമിനൽ കുറ്റകരമാണ്. എന്നാൽ മാതാപിതാക്കളെയോ, സഹോദരങ്ങളെയോ ആശ്രയിച്ചുകഴിയുന്ന വിധവകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ അഗതികൾ എന്നിവർക്ക് പ്രത്യേകം വേറെ തൊഴിൽ കാർഡ് കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യമുള്ള മുഴുവൻ കുടുംബാംഗങ്ങളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോകൾ തൊഴിൽ കാർഡിൽ പതിച്ചിരിക്കണം. ഫോട്ടോ എടുക്കുന്നതിന്റെ ചിലവ് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് വഹിക്കും. അഞ്ചു വർഷത്തേക്കാണ് ഒരു തൊഴിൽ കാർഡ് അനുവദിച്ചു നൽകുന്നത്. ഒരു കുടുംബം ഒരു വർഷം ആവശ്യപ്പെട്ട

തൊഴിൽദിനങ്ങൾ അവർക്ക് അനുവദിച്ച തൊഴിൽദിനങ്ങൾ, ലഭിച്ച വേതനം, ഏറ്റെടുത്ത പ്രവർത്തികളും മസ്റ്റർ റോൾ നമ്പറുകളും ലഭിച്ച തൊഴിലില്ലായ്മ വേതനം നഷ്ടപരിഹാരം മുതലായ വിവരങ്ങളും തൊഴിൽ കാർഡിൽ അതാത് സമയം എഴുതി ചേർക്കണം.

**2) അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുവാനും ഉള്ള അവകാശം ( ഷെഡ്യൂൾഡ് 1, ഖണ്ഡിക 8, ഷെഡ്യൂൾ 2, ഖണ്ഡിക 6-13)**

തൊഴിൽ കാർഡ് ലഭിച്ചവർ തൊഴിൽ ആവശ്യമുള്ളപ്പോൾ പ്രത്യേക അപേക്ഷ നൽകണം. നിർദ്ദിഷ്ട ഫോറത്തിൽ ഗ്രാമപഞ്ചായത്തിലാണ് അപേക്ഷ നൽകേണ്ടത്. വെള്ള കടലാസിലും അപേക്ഷ നൽകാവുന്നതാണ്. 2014 ലെ പുതുക്കിയ നിർദ്ദേശങ്ങൾ പ്രകാരം മൊബൈൽ ഫോൺ, ലാൻഡ് ഫോൺ എന്നിവയിലൂടെയും തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. എഴുത്തും വായനയും അറിയാത്തവർക്ക് നിർദ്ദിഷ്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വാക്കാലും തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. തൊഴിലിനായി അപേക്ഷ നൽകുമ്പോൾ രസീത് കൈപ്പറ്റി ഇരിക്കണം. ചുരുങ്ങിയത് രണ്ടാഴ്ചത്തേക്ക് ആണ് തൊഴിൽ ആവശ്യപ്പെടേണ്ടത് കൂടുതൽ ദിവസങ്ങളിലേക്ക് വേണ്ട പ്രവർത്തികൾ മുൻകൂട്ടി അപേക്ഷിക്കുന്നതിന് അനുവാദമുണ്ട്. എന്നു മുതൽ എന്നു വരെ തൊഴിൽ ആവശ്യം ഉള്ളത് എന്ന് വ്യക്തമാക്കണം അപേക്ഷിച്ച് തീയതിമുതൽ കോ, അപേക്ഷ ലഭിച്ച് പരമാവധി 15 ദിവസങ്ങളിലോ തൊഴിൽ ലഭ്യമായിരിക്കണം. പരമാവധി 100 ദിവസത്തെ തൊഴിൽ ആണ് അപേക്ഷ നൽകേണ്ടത്. എന്നാൽ വനപ്രദേശത്തു വനാതിർത്തികളിൽ ഉം താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകുന്നതിന് ഇപ്പോൾ അനുവാദമുണ്ട്.

**3) തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ ഉള്ള അവകാശം( ആദ്യത്തെ 30 ദിവസം കൂലിയുടെ1/4 പിന്നീടുള്ള ദിവസങ്ങളിൽ1/2 ഭാഗം)**

തൊഴിൽ ആവശ്യപ്പെട്ട് വർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിന് തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് ആവശ്യമാണ്. തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ പതിനാറാമത്തെ

ദിവസം മുതൽ ആദ്യത്തെ 30 ദിവസം നിർദ്ദിഷ്ട വേദന ത്തിന്റെ1/4 കുറയാതെ തുകയും പിന്നീടുള്ള ദിവസങ്ങളിൽ വേദന ത്തിന്റെ പകുതിയിൽ കുറയാതെ തുകയും ആണ് തൊഴിലില്ലായ്മ വേതനം ലഭിക്കുക. സംസ്ഥാന സർക്കാരാണ് തൊഴിലില്ലായ്മ വേതനം നൽകേണ്ടത്. പിന്നീട് ഈ തുക തൊഴിൽ നൽകുന്നതിൽ വീഴ്ച വരുത്തിയ അവരിൽനിന്നും ഈടാക്കണമെന്ന് വ്യവസ്ഥ. തൊഴിൽ അനുവദിച്ചു നൽകിയ അന്നുമുതൽ കോ 100 ദിവസത്തെ വേതനത്തിന് തുല്യമായ തുക തൊഴിലില്ലായ്മ വേതനമായി ലഭിക്കുന്ന ദിവസമോ തൊഴിലില്ലായ്മ വേതനത്തിനുള്ള അർഹത നഷ്ടമാകും വേദന മായും തൊഴിലില്ലായ്മ വേതനം ആയും ഒരാൾക്ക് പരമാവധി 100 ദിവസത്തെ വേതനത്തിന് തുല്യമായ തുകയോ ലഭിക്കുവാൻ അർഹതയുള്ളൂ.

**4) ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കാനുള്ള അവകാശം**.

ഒരു ഗ്രാമപഞ്ചായത്തിലെ ഷെൽഫ് ഓഫ് പ്രൊജക്റ്റ് എന്ന് പറയുന്നത് എസ്റ്റിമേറ്റ് അടക്കമുള്ള പ്രവർത്തികളുടെ വിശദ വിവരങ്ങൾ ആണ് ഇത് നടപ്പു സാമ്പത്തിക വർഷത്തിലെ തലേദിവസം ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കണം. ഒരു ഗ്രാമ പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റ് ഇരട്ടിയിലധികം തുകയ്ക്കുള്ള പ്രവർത്തികളാണ് ഷെൽഫ് ഓഫ് പ്രൊജക്റ്റ് ഉണ്ടാവുക ഇതിൽ ഏതു പ്രവർത്തി വേണമെങ്കിലും വാർഷിക കലണ്ടർ, തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം, പ്രവർത്തി നടപ്പിലാക്കുന്ന കാലയളവിലെ കാലാവസ്ഥ എന്നതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കാം.

**5) അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം, അല്ലെങ്കിൽ വേദന ത്തിന്റെ 10% അധികം**

അപേക്ഷകരുടെ താമസസ്ഥലത്തിന് അഞ്ച് കിലോമീറ്റർ പരിധിക്കുള്ളിൽ തൊഴിൽ ലഭിക്കുന്നതിന് മുൻഗണന നൽകണം 5 കിലോമീറ്റർ ദൂരപരിധിക് പുറത്താണ് തൊഴിലെടുക്കുന്നത് എങ്കിൽ10% അധിക വേതനത്തിന് തൊഴിലാളികൾക്ക് അവകാശമുണ്ടായിരിക്കും.

**6) കുടിവെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം എന്നിവ ലഭിക്കുവാനുള്ള അവകാശം( ഷെഡ്യൂൾഡ് 2: ഖണ്ഡിക 23-28)**

തൊഴിലിടങ്ങളിലെ സൗകര്യങ്ങൾ:-

* തൊഴിലാളികൾക്ക് തിളപ്പിച്ചാറിയ വെള്ളം നൽകുക

* പ്രഥമ ശുശ്രൂഷ കിറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തുക

* ഭക്ഷണം കഴിക്കുന്നതിനു ഉച്ചക്ക് ഒരു മണിക്കൂർ വിശ്രമിക്കുന്ന അതിനും ടാർപോളിൻ ഷീറ്റ് കൊണ്ട് തണുപ്പിക്കുക

* 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം അഞ്ചിൽ കൂടുതൽ ആണെങ്കിൽ അവരെ പരിപാലിക്കുക

**7) 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം**

പദ്ധതിയുടെ വേതനം ബാങ്ക്, പോസ്റ്റ് ഓഫീസ് അക്കൗണ്ടിലൂടെയാണ് നൽകുന്നത് ഓരോ തൊഴിലാളികൾക്കും പ്രത്യേകം അക്കൗണ്ട് വേണം. ഓരോ തൊഴിലാളികളുടേയും വേദനം അവരവർക്ക് തന്നെ ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനാണ് ഇങ്ങനെ നിഷ്കർഷിച്ചിട്ടുള്ളത്. സ്ത്രീ തൊഴിലാളികളുടെ വേതനത്തിന് മേലുള്ള നിയന്ത്രണം അവർക്ക് തന്നെ ആയിരിക്കണമെന്ന ഒരു ലക്ഷ്യം ഈ അവസ്ഥയ്ക്ക് പിന്നിലുണ്ട്. തൊഴിലാളികളുടെ ആധാർ നമ്പർ കൂടി തൊഴിൽ കാർഡിൽ രേഖപ്പെടുത്തിയാൽ ആൾമാറാട്ടം, ഇരട്ടിപ്പ് എന്നിവ മുഖേന ഉള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും.

**8) വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുന്ന അവകാശം.**

മസ്റ്റർ റോൾ അവസാനിച് 15 ദിവസത്തിനകം വേദനം ലഭിച്ചിരിക്കണം ഇങ്ങനെ ലഭ്യമാകാതെ വന്നാൽ പതിനാറാമത്തെ ദിവസം മുതൽ ലഭിക്കുവാനുള്ള വേദനത്തിന്റെ 0.05% തുക ഓരോ ദിവസവും

നഷ്ടപരിഹാരമായി ലഭിക്കണമെന്നാണ് 2014ലെ പുതുക്കിയ ഷെഡ്യൂൾ 2 വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ തുക തൽക്കാലം സർക്കാർ വഹിക്കും എങ്കിലും പിന്നീട് വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ അവരിൽനിന്നും ഈടാക്കണം എന്നാണ് വ്യവസ്ഥ മനപ്പൂർവ്വം അലംഭാവം കൊണ്ട് പാവപ്പെട്ടവരായ കൂലി തൊഴിലാളികളുടെ വേതനം തുടങ്ങുകയോ വൈകുകയും ചെയ്യുന്നത് ഒഴിവാക്കുന്നതാണ് ഇങ്ങനെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അളവുകൾ രേഖപ്പെടുത്തേണ്ട ഓവർസിയർ, മേൽ അളവുകൾ എടുക്കേണ്ട അക്രെഡിറ്റഡ് എഞ്ചിനീയർ, ഡാറ്റാ എൻട്രി നടത്തി വേജ് ലിസ്റ്റ് തയ്യാറാക്കേണ്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ ഉപ്പ അടയ്ക്കേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവർ നിർദിഷ്ട ദിവസത്തിനുള്ളിൽ അതു നൽകുന്നുവെന്നും പൂർത്തീകരിക്കുമെന്നും ഉറപ്പുവരുത്തണം.

**9 ) സമയബന്ധിതമായല്ല പരാതി പരിഹാരത്തിനുള്ള അവകാശം.**

തൊഴിലുറപ്പ് നിയമം സെക്ഷൻ 19 ഷെഡ്യൂൾ 2 പേരഗ്രാഫ് 35 കേന്ദ്ര വാർഷിക സർക്കുലർ ചാപ്റ്റർ 10.4 എന്നിവ പ്രകാരം സമയബന്ധിത പരാതി പരിഹാരത്തിനുള്ള അവകാശം അനുശാസിക്കുന്നു. തൊഴിലുറപ്പു മായി ബന്ധപ്പെട്ട പരാതികൾ രേഖ പരമായ വാക്കാലോ ഫോൺ മുഖാന്തിരമോ നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കാവുന്നതാണ് ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരാതി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും പരാതിയിന്മേൽ എടുത്ത നടപടികൾ പരാതിക്കാരനെ അറിയിക്കേണ്ട തും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്.

**10) സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം**

ഒരു പ്രവർത്തിയുടെ നേരവകാശികൾ ആയ സാധാരണജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതയാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണ്, ലക്ഷ്യമിട്ട് അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോ, നിർവഹണ രീതിയിൽ അപാകത ഉണ്ടായിരുന്നോ, പ്രതീക്ഷിച്ച നേട്ടം പദ്ധതിമൂലം ഉണ്ടായിട്ടുണ്ടോ, എന്നാൽ ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ

പ്രക്രിയയാണ് തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീം ഫയലുകളും, രേഖകളും, രജിസ്റ്ററുകളും പരിശോധിക്കുകയും പ്രവർത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച് അളവുകൾ എടുത്തു നോക്കുകയും ചെയ്യുന്നു. പ്രത്യേകം വിളിച്ചുചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ആണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടത

## പ്രവർത്തിയെ സംബന്ധിച്ച വിവരങ്ങൾ

കല്ലൂർ ബ്രാഞ്ച് കനാൽ സംരക്ഷണം റീച് 5

Ic/215333

പ്രവർത്തി ആരംഭിച്ച തീയതി 26 1 2019 മുതൽ 4 2 2019, 30 തൊഴിലാളികൾ ഒമ്പത് ദിവസങ്ങളിലായി 224 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. പ്രവർത്തിയുടെ അടങ്കൽ തുകയായി 87000 രൂപയും തൊഴിലാളികളുടെ വേതനത്തിൽ60704 രൂപയും പണിയായത് വാടകയായി 227 രൂപയും സൈറ്റ് ബോർഡിന് 5000 രൂപയും അനുവദിച്ചതായി കണ്ടു.

പ്രവർത്തി സന്ദർശനവേളയിൽ കാണാൻ കഴിഞ്ഞത് കനാലിനെ ഭൂരിഭാഗം മേഖലകളും കാടുപിടിച്ചു കിടക്കുകയാണ് അളവെടുക്കാൻ സാധിക്കാത്ത നിലയിലാണ് കണ്ടത്. കുറച്ചുഭാഗം നല്ല രീതിയിലും കണ്ടു. കനാലിൽ തൊഴിൽ ചെയ്യുമ്പോൾ ഫസ്റ്റ് എയ്ഡ് ബോക്സ് ലഭിക്കാറുണ്ട് എന്നാണ് തൊഴിലാളികളെ അഭിപ്രായപ്പെട്ടത് പുതിയ തൊഴിൽ ലഭിച്ചില്ല. 100 തൊഴിൽ ദിനങ്ങൾ ലഭിക്കാറില്ലെന്നത് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

പാണ്ടിക്കാട് നീർത്തടം മണ്ണ് ജലസംരക്ഷണം വടക്കേടത്ത് ഭാഗം കയ്യാല നിർമ്മാണം

Wc/303224

പ്രവർത്തി ആരംഭിച്ച തീയതി 6 12 2018 മുതൽ 28 12 2018 വരെയാണ് 124 തൊഴിലാളികൾ 21 ദിവസങ്ങളിലായി 1055 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. പണിയായുധം വാടകയിനത്തിൽ 1942 രൂപയും തൊഴിലാളികളുടെ വേതനത്തിൽ 285905 രൂപയും ചെലവായിട്ടുണ്ട്, സൈറ്റ് ബോർഡിന് ആയി 3000 രൂപയും അനുവദിച്ചതായി കണ്ടു പ്രവർത്തിയുടെ ആകെത്തുക മൂന്നു ലക്ഷത്തി അമ്പതിനായിരം രൂപയാണ്.

പ്രവർത്തി സന്ദർശനവേളയിൽ കയ്യാലകൾ നല്ല രീതിയിൽ കാണാൻ സാധിച്ചു. പലയിടങ്ങളിലായി ആണ് കയ്യാലകൾ നിർമ്മിച്ചിട്ടുള്ളത് 500 മീറ്റർ മുതൽ 150 മീറ്റർ

വരയെുള്ള അളവുകൾ വിവിധ ഉടമസ്ഥരുടെ ഭൂമിയിൽ കയ്യാലകൾ നിർമ്മിച്ചിട്ടുണ്ട്.

പ്രദേശങ്ങളിലെ തൊഴിലാളികളിൽ നിന്നും അവർക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിക്കാറില്ല എന്ന് മനസ്സിലായി. കഴിഞ്ഞ പ്രവർത്തിയുടെ കൂലി ഇതുവരെ ലഭ്യമായിട്ടില്ല എന്നും അറിയാൻ കഴിഞ്ഞു

വിക്രംകണ്ടി താഴെ തോട് സംരക്ഷണം

1604009007fp/349014

21 3 2019 ന് തുടങ്ങിയ പ്രവർത്തി 30 3 2019 തന്നെ അവസാനിച്ചു. 58 തൊഴിലാളികൾ 10 ദിവസം കൊണ്ടും 388 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു 167000 രൂപ അടങ്കൽ തുക നിശ്ചയിച്ച പ്രവർത്തിയിൽ വേതനത്തിൽ വേതന ഇനത്തിൽ 105148 രൂപയാണ് ചിലവായത് വാടകയിനത്തിൽ 490 രൂപയും സൈറ്റ് ബോർഡിൽ 5000 രൂപയും വകയിരുത്തി.( 1100 മീറ്റർ നീളത്തിൽ കുറ്റിച്ചെടി യും മറ്റും വെട്ടി ശരിയാക്കുന്നതിന് 4.55 രൂപ നിരക്കിൽ 5005 രൂപയും)

പ്രവർത്തി സന്ദർശനവേളയിൽ കാണാൻ സാധിച്ചത് രണ്ടു ഭാഗങ്ങളിലായാണ് തോടുകൾ കാണാൻ സാധിച്ചത്. നല്ലരീതിയിൽ തന്നെ ഇപ്പോഴും തോടുകൾ നിലനിൽക്കുന്നുണ്ട് വൃത്തിയുള്ള ചുറ്റുപാടിൽ ശുദ്ധമായ ജലം തന്നെ ഒഴുകുന്നതായി കാണാൻ സാധിച്ചു. പ്രദേശവാസികൾക്ക് തൊഴിലുറപ്പ് ദിനങ്ങൾ നൂറ് തികയാത്ത തും കൂലി വൈകുന്ന പ്രശ്നങ്ങൾ ഉന്നയിച്ചു.

കല്ലൂർ ബ്രാഞ്ച് കനാൽ സംരക്ഷണം റീച് 3

lc/215331

26 1 2019 ന് തുടങ്ങി പ്രവർത്തി 4 2 2019 ന് അവസാനിച്ചു. 30 തൊഴിലാളികൾ ഒമ്പത് ദിവസങ്ങളിലായി 225 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 60905 രൂപ വേതനയനത്തിലും 238 രൂപ സൈറ്റ് ബോർഡിന് ആയും വകയിരുത്തി..

പ്രവർത്തി സന്ദർശനവേളയിൽ കനാൽ ഇൻറെ ചുറ്റുപാടും കാട് മൂടപ്പെട്ട നിലയിൽ ആണ് കാണാൻ സാധിച്ചത് വളരെ ഉയരത്തിൽ കാടുമൂടിയ കൊണ്ട് അളവെടുക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിലായിരുന്നു പ്രദേശം. എല്ലാ കൊല്ലവും

വ്യത്തിയാക്കാൻ ഉണ്ട് എങ്കിലും ഇതുപോലെ കാടുകയറി ലാണ് പതിവ് എന്ന് മാറ്റ് അഭിപ്രായപ്പെട്ടു. വളരെ ചെറിയൊരു ഭാഗം മാത്രമേ ഏകദേശം 250 മീറ്റർ നല്ലരീതിയിൽ നിലനിൽക്കുന്നു ഉണ്ടായിരുന്നു. പ്രവർത്തി സ്ഥലത്ത് സൈറ്റ് ബോർഡ് കാണാൻ സാധിച്ചില്ല

Ic/215332

21 1 19 നു തുടങ്ങി 4 2 19 വരെയാണ് ഈ പ്രവർത്തി നടന്നത്. ഇതിൽ 30 തൊഴിലാളികൾ ഒമ്പത് ദിവസങ്ങളിൽ 222 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. വേതന ഇനത്തിൽ 60162 രൂപ പണിയായുധം വാടകയിനത്തിൽ 330 പുഴയും സൈറ്റ് ബോർഡിനെ 5000 രൂപയും ചെലവായി ആകെ അടങ്കൽ തുക 87000 രൂപയാണ്.

പ്രവർത്തി സന്ദർശനവേളയിൽ മുഴുവനായി കാട് മൂടപ്പെട്ട നിലയിൽ കണ്ടു അത് കാരണം അളവുകൾ വ്യക്തമായി തിട്ടപ്പെടുത്താൻ നിർവാഹം ഇല്ലായിരുന്നു. പ്രവർത്തിയിൽ പങ്കെടുത്ത തൊഴിലാളികളുമായി ആശയവിനിമയം നടത്തിയപ്പോൾ പ്രവർത്തിയിൽ ചികിത്സാ സാമഗ്രികൾ  ലഭ്യമായ എന്ന് അറിയാൻ സാധിച്ചു എസ്റ്റിമേറ്റ് പ്രകാരം കാൾ തൊഴിൽദിനങ്ങൾ കൂട്ടി നൽകണമെന്നും അഭിപ്രായപ്പെട്ടു. തൊഴിലാളികൾക്ക് പുതിയ തൊഴിൽ കാർഡ് ലഭ്യമായിട്ടില്ല എന്നും തൊഴിൽ വേതനം വൈകുന്നു എന്നും പറഞ്ഞു. 15 ദിവസത്തിനുള്ളിൽ പുതിയ തൊഴിൽ ലഭിക്കുന്നില്ലെന്നും അഭിപ്രായപ്പെട്ടു പ്രവർത്തിയുടെ സൈറ്റ് ബോർഡ് കാണാൻ സാധിച്ചിട്ടില്ല.

പാണ്ടിക്കാട് നീർ തടത്തിലെ മണ്ണ് ജലസംരക്ഷണ വിക്രം കണ്ടി ഭാഗം കയ്യാല നിർമ്മാണം

Wc/331445

12 3 2019 മുതൽ 15 3 2019 വരെയാണ് ഈ പ്രവർത്തി നടന്നത് അത്. വേദനയിൽ 69647 രൂപ ചെലവായിട്ടുണ്ട്. പണിയായുധം വാടകയിനത്തിൽ 491 രൂപയും സൈറ്റ് ബോർഡിന് ആയി 3000 രൂപയും ചിലവായ ഫയൽ പരിശോധനയിൽ മനസ്സിലായി ആകെ അടങ്കൽ തുക മൂന്നു ലക്ഷത്തി അമ്പതിനായിരം രൂപയാണ്.

പ്രവർത്തി സന്ദർശനവേളയിൽ കയ്യാല നിർമാണം വളരെ മികച്ച രീതിയിൽ തന്നെ

കാണാൻ സാധി ിച്ചു. എം ബുക്ക് പ്രകാരം കയ്യാല കളുടെ ആകെ നീളം 1145m2 ആണ്. ടോട്ടൽ ഏരിയ 1257 മീറ്റർ ക്യൂബ്

മൂന്നാർ വി ആർ പി മാർക്ക് ആകെ നീളം 780 മീറ്ററും രേഖപ്പെടുത്താനായി സാധിച്ചിട്ടുള്ളത്. കയ്യാലകൾ പലതും മഴക്കെടുതിയിൽ നശിപ്പിച്ചതായും കണ്ടു. തൊഴിലാളികളും ആയുള്ള ആശയവിനിമയം നടത്തിയപ്പോൾ പുതിയ തൊഴിൽ കാർഡ് ലഭ്യമായിട്ടില്ല എന്നും പുതിയ തൊഴിൽ ലഭിക്കാൻ കാലതാമസം പിടിക്കുന്നുണ്ട് എന്നും അഭിപ്രായപ്പെട്ടു. തൊഴിൽ വേതനം വൈകുന്നതെന്ന് എന്തുകൊണ്ടാണെന്ന് ആദ്യം എത്രയും പെട്ടെന്ന് പരിഹാരം കാണണമെന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു, പ്രവർത്തിയുടെ സൈറ്റ് ബോർഡ് കാണാൻ സാധിച്ചിട്ടില്ല.

പാണ്ടിക്കാട് നീർത്തടം മണ്ണ് ജലസംരക്ഷണം കാപ്പുമ്മൽ ഭാഗം കയ്യാല നിർമ്മാണം

Wc/303227

പ്രവർത്തി നടന്നത് രണ്ട് ഘട്ടങ്ങളിലായാണ് അടങ്കൽ  തുകയായി മൂന്നു ലക്ഷത്തി അമ്പതിനായിരം രൂപ വകയിരുത്തിയിട്ടുണ്ട് ആരംഭിച്ചത് 6 12 2018 മുതൽ 28 12 2018 അവസാനിച്ചു. 119 തൊഴിലാളികൾ 21 ദിവസങ്ങളിലായി 1015 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വാടകയിനത്തിൽ 1880 രൂപയും സൈറ്റ് ബോർഡുമായി 3000 രൂപയുമാണ് ചിലവഴിച്ചത്.  വേതനയിനത്തിൽ 275065 രൂപയാണ്

പ്രവർത്തി സന്ദർശനവേളയിൽ കയ്യാലകൾ നല്ല രീതിയിൽ കാണാൻ സാധിച്ചു. പല സ്ഥലങ്ങളിലാണ് പ്രവർത്തി നടന്നതല്ലൊം. ഭൂവുടമകൾക്ക് എല്ലാം തൊഴിൽ കാർഡ് ഉണ്ടായിരുന്നു. പുതിയ കാർഡ് ആർക്കുംതന്നെ ലഭിച്ചിട്ടില്ല. 150 മീറ്റർ 500 മീറ്റർ എന്നീ അളവുകളിൽ ആണ് കയ്യാലകൾ കാണാൻ സാധിച്ചത്. പ്രവർത്തി നടന്ന സ്ഥലത്ത് സൈറ്റ് കൂടുതൽ കാണാൻ സാധിച്ചിട്ടില്ല.

റോഡ് നിർമാണം കാപ്പുമ്മൽ

1604009007/RC/276872

18.02.19 നു തുടങ്ങി 24.02.19 അവസാനിച്ചു. 12 അവിദഗ്ധ തൊഴിലാളികളും നാലു വിദഗ്ദ്ധ തൊഴിലാളികളും ചേർന്ന് 46 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. വേതന

ഇനത്തിൽ  വിദഗ്ധ തൊഴിലാളികൾക്ക 20400 രൂപയും അവിദഗ്ധ തൊഴിലാളികൾക്ക് 19512 രൂപയും നൽകി. പണിയായുധ വാടകയിനത്തിൽ 36 രൂപയും, സൈറ്റ് ബോർഡ് നായി 5000 രൂപയും അനുവദിച്ചു. അടങ്കൽ തുക 216000 രൂപയാണ്.

 കാപ്പുമ്മൽ നീർച്ചാൽ റോഡുമായി ബന്ധപ്പട്ടെ പ്രവർത്തന സ്ഥലം സന്ദർശിച്ചപ്പോൾ നല്ല രീതിയിൽ റോഡ് നിർമ്മാണം പൂർത്തീകരിച്ചതായി കാണാൻ സാധിച്ചു. എന്നാൽ റോഡ് നിർമ്മാണം രണ്ട് വീടുകൾക്ക് മാത്രമായി ലഭ്യമാകുന്ന രീതിയിലാണ് പൂർത്തീകരിച്ചിട്ട ഉള്ളത്.

റോഡ് നിർമാണം പള്ളിയറകണ്ടി കുണ്ടില്ലകണ്ടി അരിക്കൽ ചാലിൽ റോഡ്

1604009007/RC/278206

18.02.19 നു തുടങ്ങി 22.02.19 അവസാനിച്ചു. 4 അവിദഗ്ധ തൊഴിലാളികളും 2 വിദഗ്ദ്ധ തൊഴിലാളികളും ചേർന്ന് 30 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. വദേന ഇനത്തിൽ വിദഗ്ധ തൊഴിലാളികൾക്ക 8500 രൂപയും അവിദഗ്ധ തൊഴിലാളികൾക്ക് 5420 രൂപയും നൽകി. പണിയായുധ വാടകയിനത്തിൽ 10 രൂപയും, സൈറ്റ് ബോർഡ് നായി 5000 രൂപയും അനുവദിച്ചു. മറ്റീരിയലിനായി 6615 രൂപയും ചിലവിട്ടു.

  പ്രവർത്തിസ്ഥലം സന്ദർശിച്ചപ്പോൾ നല്ല രീതിയിൽ റോഡ് നിർമ്മാണം പൂർത്തീകരിച്ചതായി കാണാൻ സാധിച്ചു. 28m നീളവും 3m വീതിയും ആണ്. സൈറ്റ് ബോർഡ് കാണാൻ കഴിഞ്ഞില്ല.

പാണ്ടിക്കാട് നീർത്തടം മണ്ണ് ജലസംരക്ഷണം കണ്ണിപ്പൊയിൽ ഭാഗം. ബണ്ട് നിർമ്മാണം.

1604009007/WC/328656

11.10.2018  തുടങ്ങി 29.10.2018 അവസാനിച്ചു. 72 തൊഴിലാളികൾ 17 ദിവസങ്ങളിലായി 1073 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചു. തൊഴിലാളികളുടെ വതേനത്തിൽ രൂപയും

പാണ്ടിക്കാട് നീർത്തടം മണ്ണ് ജലസംരക്ഷണം കണ്ണിപ്പൊയിൽ ഭാഗം. ബണ്ട് നിർമ്മാണം.

1604009007/WC/328656

11.10.2018  തുടങ്ങി 29.10.2018 അവസാനിച്ചു. 72 തൊഴിലാളികൾ 17 ദിവസങ്ങളിലായി 1073 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചു. തൊഴിലാളികളുടെ വേതനത്തിൽ 290783 രൂപയും. വാടകയിനത്തിൽ  2335 രൂപയും  സൈറ്റ് ബോർഡിനായി 3000 രൂപയും ചിലവഴിച്ചു. 350000 രൂപയാണ് അടങ്കൽ തുക.

 പ്രവർത്തി സന്ദർശനവേളയിൽ കൊള്ളു മറിയാണ്  കാണാൻ സാധിച്ചത്. മണ്ണ് ജല സംരക്ഷണത്തിന് വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. മഴക്കെടുതിയിൽ പ്രവർത്തി സ്ഥലങ്ങൾ പലതും നശിച്ചതായി കാണാൻ സാധിച്ചു. മെഷർമെന്റ് ബുക്ക് പ്രകാരം 1028 മീറ്റർ ക്യൂബ് ഏരിയ പ്രവർത്തി നടന്നത് ആയിട്ടാണ് ഉള്ളത് എന്നാൽ വി ആർ പി മാർക്ക് 780 മീറ്റർ ക്യൂബ് ഏരിയ മാത്രമേ അളന്നു തിട്ടപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ പ്രവർത്തിയുടെ സൈറ്റ് ബോർഡ് കാണാൻ സാധിച്ചിട്ടില്ല.

വാളംപൊയിൽ  കയ്യാല നിർമ്മാണം.

1604009007/WC/303226

06.12.2018  തുടങ്ങി 28.12.2018 അവസാനിച്ചു. 120 തൊഴിലാളികൾ 21 ദിവസങ്ങളിലായി 1054 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചു. തൊഴിലാളികളുടെ വേതനയിനത്തിൽ 285634 രൂപയും. വാടകയിനത്തിൽ 1897 രൂപയും  സൈറ്റ് ബോർഡിനായി 3000 രൂപയും ചിലവഴിച്ചു. 350000 രൂപയാണ് അടങ്കൽ തുക നിശ്ചയിച്ച പ്രവർത്തിക്ക് 290531 രൂപ ചിലവായി.

 പ്രവർത്തി സന്ദർശനവേളയിൽ കയ്യാലകൾ നല്ല രീതിയിൽ പണി പൂർത്തീകരിച്ചതായി കാണാൻ സാധിച്ചു . മണ്ണ് ജല സംരക്ഷണത്തിന് വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. മഴക്കെടുതിയിൽ പ്രവർത്തി സ്ഥലങ്ങൾ പലതും നശിച്ചതായി കാണാൻ സാധിച്ചു. പ്രവർത്തിയുടെ സൈറ്റ് ബോർഡ് കാണാൻ സാധിച്ചിട്ടില്ല. തൊഴിൽ ലഭിക്കുവാൻ കാലതാമസം ഉണ്ടന്നെും, വേതന വിതരണത്തിൽ കാലതാമസം നേരിടാറുണ്ട് എന്നും അഭിപ്രായപ്പെട്ടു.

മണ്ണ് ജല സംരക്ഷണം പുത്തൻ കുളങ്ങര ഭാഗം (കയ്യാല  നിർമ്മാണം.)

വർക്ക് കോഡ് : 1604009007/WC/303225

6/12/2018 ന് തുടങ്ങി 4/3/2019 ന് പൂര്ത്തീകരിച്ചു. 3 ഘട്ടങ്ങളിലായി ആണ് പ്രവര്ത്തി നടന്നിരിക്കുന്നത്. 169 തൊഴിലാളികള് 25 ദിവസങ്ങളില് ആയി 1060 തൊഴിൽ ദിനങ്ങള് സൃഷ്ടിച്ചു. വതേന ഇനത്തില് 286912 രൂപയും പണിആയുധവാടക ആയി 2301 രൂപയും സറൈറ് ബോർഡ്നായി 3000 രൂപയും ചിലവഴിച്ചതായി കണ്ടു. 350000 അടങ്കൽ തുക അനുവദിച്ച പ്രവർത്തികു 292561 രൂപയാണ് ആകെ ചിലവഴിച്ചതായി കണ്ടത്.

പ്രവര്ത്തി സന്ദര്ശന വളേയില് കയ്യാലകല് നല്ല രീതിയില് കാണാനും സാധിച്ചു. പല സ്ഥലങ്ങളിലും ആയാണ് പ്രവര്ത്തി നടന്നിരിക്കുന്നത്. ഭൂഉടമകള്ക്ക് എല്ലാം തൊഴിൽ കാർഡ് ഉണ്ടായിരുന്നു.

പാണ്ടിക്കോട് നീര്തടം മണ്ണ് ജല സംരക്ഷണം കുളപ്പുറം ഭാഗം (ബണ്ട് നിര്മാണം)

വർക്ക് കോഡ് 1604009007/WC/328655

11.10.218 ന് തുടങ്ങിയ പ്രവര്ത്തി 29.10.2018 ന് അവസാനിച്ചു. രണ്ട് ഘട്ടങ്ങളിലായി പ്രവര്ത്തി നടന്നു. 145 തൊഴിലാളികള് 17 ദിവസങ്ങളില് ആയി 989 തൊഴില് ദിനങ്ങള് സൃഷ്ടിച്ചു. വതേന ഇനത്തില് 268019 രൂപയും പണി ആയുധ വാടക ആയി 1894 രൂപയും സറൈറ് ബോർഡ്നായി 3000 രൂപയും അനുവദിച്ചു. 35000 രൂപ അടങ്കല് തുക അനുവദിച്ച പ്രവർത്തിക്കു 272913 ചിലവഴിച്ചു.

പ്രവര്ത്തി സന്ദര്ശന വളേയില്കൊള്ളുമറി പ്രവൃത്തി ആണ് കാണാന് സാധിച്ചത്. രണ്ടു ഘട്ടങ്ങളിലായി നടന്ന പ്രവർത്തിക്ക് ആകെ സ്ഥലം 674m3 +273.96 m3=948.6m3 ആണ് measurement book il രഖേപടുെത്തി ഇരിക്കുന്നത്. എന്നാൽ VRP മാർക്ക് 628 m3 ഏരിയ മാത്രമേ അളന്നു തിട്ടപ്പടുെത്തന്ന് സാധിച്ചില്ലൂ. പ്രവര്ത്തിയിടങ്ങലില് ചിലത് തകര്ന്നതിനാല് വ്യക്തമായ അളവുകള് രഖേപ്പടുെത്തനു സാധിച്ചില്ല.തൊഴിലാളികളുമായി ആശയവിനിമയം നടത്തിയപ്പോ ഫസ്റ്റ് എയ്ഡ് ബോക്സ് ലഭിച്ചില്ല. 15 ദിവസത്തിനുള്ളില് പുതിയ തൊഴില് ലഭിക്കുന്നില്ലന്നെും കൂലി വയ്ക്കുന്നതും പരാതിപടെ്ടു

**കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.**

1. കവർപേജ്

2. ചെക്ക് ലിസ്റ്റ്

3. ആക്ഷൻ പ്ലാൻ/ ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ചത് കോപ്പി

4. സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതി കോപ്പി

5. ഭരണാനുമതി യുടെ കോപ്പി

6 സാങ്കേതിക അനുമതിയുടെ കൊപ്പി

7. സംയോജിത പദ്ധതി വിശദാംശങ്ങൾ

8. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുള്ള അപേക്ഷ

9. തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖയുടെ കോപ്പി

10. പൂരിപ്പിച്ച മസ്റ്ററോളിന്റെ കോപ്പി

11. മെഷർമെന്റ് ബുക്കിനെ കോപ്പി

12. സാധനങ്ങൾ വാങ്ങുന്നതിനുള്ള കൊട്ടേഷൻ ക്ഷണിച്ചതിൽ എയും കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് യും മെറ്റീരിയൽ സപ്ലൈ ഓർഡർ കോപ്പി

13. വേജ് ലിസ്റ്റ്

14. വേതനത്തിനും സാധനങ്ങളുടെയും പണമടച്ച് അതിന്റെ എഫ് ടി ഓ യുടെയും കോപ്പി

15. മെറ്റീരിയൽ വൗച്ചർ ബില്ലുകളുടെ യും കോപ്പി

16. റോയൽറ്റി  അടച്ചതിനെ രസീത് കോപ്പി

17. തൊഴിലിനെ മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോകൾ

18. പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി

19.മുസ്റ്ററോള്  മൂവമെന്റ് സ്ലിപ്

20. ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

22. സൈറ്റ് ഡയറി

തൊഴിലാളികൾക്കുള്ള 10 അവകാശങ്ങൾ

തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ പ്രദാനം ചെയ്യുന്നു അവ ഏതൊക്കെ എന്ന് ചുവടെ കൊടുക്കുന്നു.

1.തൊഴിൽ കാർഡ് ലഭിക്കുവാനുള്ള അവകാശം (ഷെഡ്യൂൾ 2 : ഖണ്ഡിക 1--5 എ എം സി  അദ്ധ്യായം  3)

2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് രസീത് ലഭിക്കാനുള്ള അവകാശം( ഷെഡ്യൂൾ  1 ഖണ്ഡിക 8 ഷെഡ്യൂൾ  2 ഖണ്ഡിക  6--13)

3. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം ( ആദ്യത്തെ 30 ദിവസം കൂലിയുടെ 1/4 & പിന്നിടുള്ള ദിവസങ്ങളിൽ1/2 ഭാഗം)

4. ഷെൽഫ് ഓഫ് വർക്ക് പ്രോജക്ട് തയ്യാറാക്കാനുള്ള അവകാശം

5. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10 ശതമാനത്തിലധികം

6. കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭ്യമാക്കുന്നതിനുള്ള അവകാശം(ഷെഡ്യൂൾ 2 ഖണ്ഡിക 23--28)

7. 15 ദിവസത്തിനുള്ളിൽ വതേനം ലഭിക്കാനുള്ള അവകാശം

8. വദേന വിതരണത്തിലെ കാലതാമസം സംഭവിച്ചാൽ നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം

9. സമയബന്ധിതമായി പരാതി പരിഹാരത്തിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

**കണ്ടത്തെലുകൾ**

1-കവർപജേ്

എ എം സി പ്രകാരമുള്ള കവർപജേ് ഫയലുകളിൽ ഒന്നും കാണാൻ സാധിച്ചില്ല.

2 ചക്കെ് ലിസ്റ്റ്

എ എം സി പ്രകാരമുള്ള ചക്കെ്ലിസ്റ്റ് ഫയലുകൾ ഒന്നും കാണുവാൻ സാധിച്ചില്ല.

3 ആനുവൽ ആക്ഷൻ പ്ലാൻ

എഎംസി പ്രകാരമുള്ള ആനുവൽ ആക്ഷൻ പ്ലാൻ ഒരു ഫയലുകളിലും കാണാൻ സാധിച്ചില്ല.

4 ഭരണാനുമതി

പരിശോധിച്ചാൽ മുഴുവൻ ഫയലുകളിലും ഭരണാനുമതി കാണാൻ സാധിച്ചു.

5 സാങ്കേതിക അനുമതി

സാങ്കേതിക അനുമതി മുഴുവൻ ഫയലും കാണാൻ സാധിച്ചു. ഇതിൻറെ കവർ പേജിൽ നമ്പർ,തീയതി ഏതിനം പ്രവർത്തി, അവിദഗ്ധ തൊഴിലാളികളുടെ എണ്ണം, വേതനം,മാററി നിൻറെ പേര്, തൊഴിൽ കാർഡ് നമ്പർ, ഫോൺ നമ്പർ എന്നിവയും സാങ്കേതിക അനുമതി നൽകിയ സമിതിയുടെ കൺവീനർ ചെയർമാൻ എന്നിവരുടെ പേര് തീയതി എന്നിവയും സമിതിയിലെ അംഗങ്ങളുടെ പേര് വിവരങ്ങളും ഇല്ലായിരുന്നു.

ഈ കാര്യങ്ങൾ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

6 തൊഴിലിനുള്ള അപേക്ഷ

തൊഴിലിനുള്ള അപേക്ഷ എല്ലാ ഫയലുകളിലും

കാണാൻ സാധിച്ചിട്ടുണ്ട്. തൊഴിലാളികൾ വെള്ളപേപ്പറിൽ എഴുതിയ അപേക്ഷ ആയിരുന്നു ഇത് അതിൽ ഒപ്പിട്ടതായി കാണുവാൻ സാധിച്ചു എ എംസി പ്രകാരമുള്ള തൊഴിലിനുള്ള അപേക്ഷ ഫോറം ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

7 തൊഴിൽ അനുവദിച്ചതിനെ പകർപ്പ്

തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ.

പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് ഇത്. വർക്ക് അലോക്കേഷൻ.പ്രവർത്തി അനുവദിച്ചതിന്റെ പകർപ്പ് ഫയലുകളിൽ കാണുവാൻ സാധിച്ചില്ല. എന്നാൽ തൊഴിൽ സാക്ഷ്യപത്രം കാണുവാൻ സാധിച്ചു.

## 8 മസ്റ്റർ റോൾ

പ്രവർത്തി സ്ഥലത്തെ  തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റ് റോൾ.

പണി ആരംഭിക്കുന്നതിനുമുമ്പ് രാവിലെ അവസാനിക്കുന്നതിന് ശേഷം വൈകുന്നേരം ദിവസം രണ്ടു പ്രാവശ്യം വസ്തുക്കളിൽ ഒപ്പ് വെക്കണം.

തൊഴിലുറപ്പ് നൽകുന്ന പദ്ധതി ആയതിനാൽ ഏറ്റവും സൂക്ഷ്മതയോടെ കാര്യക്ഷമതയോടെ യും കൈകാര്യം ചെയ്യുകയും സൂക്ഷിക്കുകയും ചെയ്യേണ്ട അടിസ്ഥാന രേഖയാണ് മസ്റ്റർ റോൾ.

മുസ്ട്രോളിൽ  വെട്ടി തിരുത്തലുകൾ വരാതിരിക്കാൻ ശ്രദ്ധിക്കുക. കൂടാതെ ഡെയിലി അറ്റൻഡൻസ്  കൃത്യമായ തീയതിയിൽ രേഖപ്പെടുത്തേണ്ടതാണ്. മെഷർമെൻറ് ബുക്ക് നമ്പർ പേജ് നമ്പർ, ചെക്കിങ് ടണ് ബൈ, അറ്റൻഡൻസ് ടേക്കൺ ബൈ എന്നിവയും കൂടെ കൃത്യമായി ചേർക്കേണ്ടതാണ്.

## 9 മെഷർമെൻറ് മുക്ക്

പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്.

പരിശോധിച്ച് ഫയലുകളിൽ പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ മെഷർമെൻറ് ബുക്ക് സൂക്ഷിച്ചുഇരിക്കുന്നതായി കാണപ്പെട്ടു. മെഷർമെൻറ് ബുക്കിലെ അളവുകൾ കൃത്യമായി കാണാൻ സാധിച്ചു.

10 വേജ് ലിസ്റ്റ്

മസ്റ്ററോളിലെ തൊഴിലാളികളുടെ ഹാജർ ദിനങ്ങളെ ആധാരമാക്കി വേതന വിതരണത്തിനുള്ള വേജ് ലിസ്റ്റ് തയ്യാറാക്കേണ്ടത്.

ഇത് ഡാറ്റാ എൻട്രി ഓപ്പറേറ്റർ ചുമതലയാണ്.

ഒരുമസ്റ്ററോൾ ക്ലോസ് ചെയ്ത് കഴിഞ്ഞാൽ നാലാമത്തെയോ അഞ്ചാമത്തെയോ ദിവസം ഈ പ്രവർത്തികൾ പൂർത്തീകരിക്കണം.

മസ്റ്ററോളിൽ ആധികാരികമായി തൊഴിലാളികൾക്ക് വേദനം അനുവദിച്ചു എന്ന് തെളിയിക്കുന്നതിനുള്ള ആധികാരികത രേഖയാണിത്. പരിശോധിച്ച് ഒരു ഫയലുകളിലും വേജ് ലിസ്റ്റ് കാണുവാൻ സാധിച്ചിട്ടില്ല.

11 എഫ് ടി ഒ

ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈനായി ആയിട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് രേഖപ്പെടുത്തി ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ തയ്യാറാക്കി അന്നു തന്നെയോ പിറ്റേദിവസവും പഞ്ചായത്തിൽ നിന്നും തൊഴിലാളികളുടെ വേതനം ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് എത്തിക്കാൻ കഴിയുന്ന സംവിധാനമാണിത്. പരിശോധിച്ച ഫയലുകളിൽ ഒന്നും എഫ് ടി ഒ കാണാൻ സാധിച്ചില്ല അവ കൊണ്ടുവരാൻ ശ്രമിക്കണം.

12 ഫോട്ടോസ്

പ്രവർത്തനവുമായി ബന്ധപ്പപെട്ട് ടു മൂന്ന് തരം ഫോട്ടോകൾ ഫയൽ ഉൾപ്പെടുത്തേണ്ടതാണ്. അതായത് പ്രവർത്തിയുടെ ആരംഭം, പ്രവർത്തി നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി പൂർത്തീകരിച്ച് അതിനു ശേഷവും എന്നീ മൂന്നു ഫോട്ടോകൾ പരിശോധിച്ച് ഫയലുകളിൽ ഒന്നും കാണാൻ സാധിച്ചില്ല അവയും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

13 പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി

പ്രവർത്തി പൂർത്തീകരിച്ച എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്. പരിശോധിച്ച ഫയലുകളിൽ പഞ്ചായത്തിലെ മാതൃകയിലുള്ള പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരുന്നെങ്കിലും അവ എ എംസി പ്രകാരമുള്ള മാതൃകയിൽ അല്ല ഉണ്ടായിരുന്നത്. അതിനാൽ തന്നെ എ എം സി മാതൃകയിലുള്ള പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

14 മസ്റ്റർറോൾ മൂവമെന്റ് സ്ലിപ്പ്

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും മാസ്റ്റർ ഓൾ അനുവദിച്ച തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തീയതികളിൽ നടന്നു എന്ന് മനസ്സിലാക്കാൻ ഉള്ളതാണ് മാസ്റ്റർ ഓൾ മൂവമെന്റ് സ്ലിപ്പ് അഥവാ ഫയൽ ട്രാക്കിംഗ് ഫോറം പരിശോധിച്ച ഫയലുകളിൽ ഫയൽ ട്രാക്കിംഗ് ഫോറം കാണുവാൻ കഴിഞ്ഞെങ്കിലും

വിവരങ്ങൾ അപൂർണആയിരുന്നു.

മുസ്ട്രോള് മൂവമെന്റ് സ്ലിപ്പിൽ മുസ്ട്രോൾ നമ്പർ മുസ്ട്രോളിനുള്ള അപേക്ഷ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക് നൽകിയ തിയ്യതി ബ്ലോക്കിൽ നിന്നും മുസ്ട്രോൾ ലഭിച്ച തിയ്യതി ചെക്ക് മെഷർമെന്റ് നടത്തി എം ബുക്കും മറ്റു രേഖയും ബന്ധപ്പെട്ട സെക്രട്ടറി യ്ക്ക് സമർപ്പിക്കേണ്ട തിയ്യതി സെക്രട്ടറി യുടെ ഒപ്പ് സീൽ എന്നിവ കാണുവാൻ സാധിച്ചില്ല മുസ്ട്രോൾ മൂവമെന്റ് സ്ലിപ്പിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടത് ആണ്.

15 ജിയോ റ്റാഗ്സ് ഫോട്ടോസ്

പ്രവർത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ് ഫോട്ടോകൾ പരിശോധിച്ച ഫയലുകളിലൊന്നും ഫോട്ടോകൾ കാണാൻ സാധിച്ചില്ല അവയും കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം

16 സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ന്റെ കോപ്പി

തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണ് ലക്ഷ്യമിട്ട് അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോ പ്രതീക്ഷിച്ച നേട്ടം പദ്ധതിമൂലം ഉണ്ടായിട്ടുണ്ടോ എന്ന് എല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീം രേഖകളും ഫയലുകളും രജിസ്റ്ററും പരിശോധിക്കുകയും പ്രവർത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തു നോക്കുകയും ചെയ്യുന്നതിനു ശേഷം പ്രത്യേകം വിളിച്ചുചേർക്കുന്ന സോഷ്യൽ ഓഡിറ്റ്

ഗ്രാമസഭയിൽ ആണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്. ആറുമാസം കൂടുമ്പോൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് നടത്തണം പരിശോധിച്ച് ഫയലുകളിൽ ഒന്നിലും തന്നെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കാണുവാൻ സാധിച്ചില്ല.

17 സൈറ്റ് ഡയറി

തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് ആ പ്രവർത്തനവുമായി ബന്ധപ്പെട്ട് നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കാനുള്ള രേഖയാണ് സൈറ്റ് ഡയറി. പ്രൊജക്റ്റ് മീറ്റിംഗ് മിനുട്സ്, ഹാജർ, തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്ത് അനുവദിച്ചു നൽകിയ സൗകര്യങ്ങളുടെ വിവരങ്ങൾ, തൊഴിലാളികൾ കൊണ്ടുവരുന്ന പണിയായുധങ്ങളുടെ വിവരങ്ങൾ, മറ്റേിനെ വിലാസവും ഫോൺ നമ്പറും, വിജിലൻസ് ആൻഡ് മോണിറ്ററിങ് റിപ്പോർട്ട്, അവർക്ക് ഈ സ്ഥലം സന്ദർശിച്ചിട്ടുള്ള പൊതുപ്രവർത്തകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എന്നിവ സൈറ്റ് ഡയറിയിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. പരിശോധിച്ച് ഫയലുകളിൽ ഒന്നും മേൽപ്പറഞ്ഞ കാര്യങ്ങൾ മുഴുവനായി രേഖപ്പെടുത്തിയിട്ടില്ല ഫയലുകളിൽ ഈ കാര്യങ്ങൾ കൃത്യമായി ഉൾപ്പെടുത്തിയിരുന്നത് അത്യന്താപേക്ഷിതമാണ്.

18 സൈറ്റ് ബോർഡ്

ഒരു പ്രവർത്തി നടത്തിയ സ്ഥലം കൃത്യമായി മനസ്സിലാക്കുന്നതിനും, പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സൈറ്റ് ബോർഡ് അത്യാവശ്യമാണ്. ഓഡിറ്റിന് ഭാഗമായി ഫീൽഡ് പരിശോധന നടത്തിയപ്പോൾ ഞങ്ങളുടെ ഓഡിറ്റിംഗ് കാലഘട്ടത്തിലെ സൈറ്റ് ബോർഡ് ഒന്നും കാണാൻ

സാധിച്ചിട്ടില്ല.

.

ചർച്ച.

തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ തൊഴിലാളികളുമായി നടത്തിയ ചർച്ചയിൽ തൊഴിലാളികൾ ചോദിച്ച ചോദ്യങ്ങളും അവരുടെ സംശയങ്ങളും താഴെ കൊടുക്കുന്നു..

തൊഴിലാളികൾ സാമ്പത്തിക വർഷത്തിൽ 100 പണി ലഭിക്കുന്നില്ല എന്ന് അഭിപ്രായപ്പെട്ടു.

തൊഴിലാളികൾ പൊതുവായി അഭിപ്രായപ്പെട്ടത് രണ്ട്

തൊഴിലാളികൾ ഉള്ള വീടുകളിൽ മാത്രമേ 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളു എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

മഴ കുഴി വേണ്ട എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

സൈറ്റ് ബോർഡ് ലഭിക്കാറില്ല എന്ന് അഭിപ്രായപ്പെട്ടു,

മറുപടി

അക്രഡിറ്റഡ് എഞ്ചിനീയർ കഴിഞ്ഞവർഷം എല്ലാവർകിലും ട സൈറ്റ് ബോർഡ് ഉണ്ടായിരുന്നു. 85 സൈറ്റ് ബോർഡുകൾ 19 വാർഡുകളിലായി വച്ചിട്ടുണ്ട് എന്നും എന്നാൽ ഈ വർഷം കോൺട്രാക്ട് എടുത്ത് നടത്തുകയാണ് ആയതിനാൽബിൽ എഴുതി വച്ചോളൂ എന്നാണ് അവരോട് നിർദേശിച്ചത് പഞ്ചായത്തിൽ നിന്നും

വാങ്ങുന്നില്ല എന്നാണ് മറുപടി നൽകിയത്.

തൊഴിലാളികൾക്ക് ഫസ്റ്റ് എയിഡ് ബോക്സ് ലഭിക്കാറില്ല എന്ന് പറഞ്ഞു. മേറ്റ്മാർ അഭിപ്രായപ്പെട്ടത് തന്നെ പൈസ എടുത്തു വാങ്ങാറാണ് ചെയ്യാറ് എന്നാൽ പൈസ ലഭിക്കാറില്ല എന്നുമാണ് അഭിപ്രായപ്പെട്ടത്.

മറുപടി

അക്രെഡിറ്റഡ് എഞ്ചിനീയർ പറഞ്ഞത് തൊഴിലാളികൾ വാങ്ങിയാൽ അതിന്റെ ബില്ല് സൂക്ഷിച്ചു വെച്ചാൽ പൈസ ലഭിക്കുമെന്നു മറുപടി കൊടുത്തു. തോട് വയൽ എന്നീ സ്ഥലങ്ങളിൽ പ്രവർത്തി ചെയ്യുമ്പോൾ കൊടുക്കാറുണ്ട് എന്നും മറുപടി നൽകി.

കുടി വെള്ള പാത്രം ഷീറ്റ് എന്നിവ വേണമെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

അപകടം പറ്റിയാൽ ചികിത്സാസഹായം ലഭിക്കുമോ എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

മറുപടി

അപകടം പറ്റിയാൽ പഞ്ചായത്തിൽ അറിയിക്കണമെന്നും യാത്ര ചിലവ് ആശുപത്രി ചെലവുകൾ എന്നിവയെല്ലാം ബില്ലുകൾ നൽകിയാൽ അതിന്റെ അലവൻസ് ലഭിക്കും എന്നും അക്രെഡിറ്റഡ് എഞ്ചിനീയർ മറുപടി പറഞ്ഞു.

തൊഴിലുറപ്പ് തൊഴിലാളികൾ വേതന പ്രശ്നത്തെ കുറിച്ചും വേതനം ലഭിക്കാൻ കാലതാമസം എടുക്കുന്നു എന്നും അഭിപ്രായപ്പെട്ടു.

മറുപടി

വതേനം ലഭിക്കാത്തത് കന്േദ്രത്തിൽ നിന്ന് ഫണ്ട് വരാത്തതു കൊണ്ടാണ് എന്നാണ് ആ ക്രഡെിറ്റ് എൻജിനീയർ മറുപടി നൽകിയത്.